# ശുശ്രൂഷകന്മാരെ സമ്മർദ്ദത്തിലാക്കരുത്



ജെ.പി. വെണ്ണിക്കുളം

പുതിയനിയമസഭയിലെ അഞ്ചുവിധ ശുശ്രൂഷകളെക്കുറിച്ച് എഫെ.4:11 ൽ പൗലൊസ് വിശദീകരിക്കുന്നു. 'ഓരോരുത്തൻ താന്താന്റെ നിരയിൽ' എന്നപോലെ വിവിധങ്ങളായ ശുശ്രൂഷയുടെ ഭാഗമായി കർത്താവിനുവേണ്ടി അധ്വാനിക്കുന്നു. 'പകൽ ഉള്ളിടത്തോളം അയച്ചവന്റെ പ്രവർത്തി ചെയ്യേണ്ടതാകുന്നു' എന്നതാണ് പ്രമാണം. അതുകൊണ്ട് 'ഉത്സാഹത്തിൽ മടുപ്പില്ലാതെ ആത്മാവിൽ എരിവുള്ളവരായി കർത്താവിനെ സേവിക്കണം' (റോമ.12:11).

ശുശ്രൂഷയിലേക്ക് വിളിക്കുന്നത് കർത്താവാണ്. ചിലരെ കർത്താവ് ശുശ്രൂഷയ്ക്കായി വിളിക്കുമ്പോൾ മറ്റുചിലർ കർത്താവിനെ വിളിച്ചുകൊണ്ട് ഇറങ്ങുകയാണ്. കർത്താവിനെ വിളിച്ചുകൊണ്ട് ഇറങ്ങുന്നവർ യാത്രാമദ്ധ്യേ തളർന്നുപോകും. അവർക്ക് ഓട്ടം തികയ്ക്കുവാൻ സാധിക്കുകയില്ല. മാർഗം ഒന്നേയുള്ളൂ, അതു ക്രിസ്തു അത്രെ. 'എന്നെ പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ സാധ്യമല്ല' (യോഹ.15:5) എന്നാണ് കർത്താവ് പറഞ്ഞത്. അപ്പോൾ തന്നെ 'എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം എനിക്ക് സകലതും ചെയ്യുവാൻ കഴിയും' (ഫിലി.4:13) എന്നാണ് പൗലൊസും പറയുന്നത്. അതുകൊണ്ട് വിളിയും തെരഞ്ഞെടുപ്പും ഉറപ്പാക്കുവാൻ (1 പത്രൊ. 1: 10) അധികം ശ്രമിപ്പിൻ.

കർത്താവ് നമ്മെ 'വിശ്വസ്തൻ' എന്നെണ്ണിയാണ് ശുശ്രൂഷയ്ക്ക് ആക്കിയിരിക്കുന്നത് (1 തിമൊ.1:12). വിശ്വസ്തൻ ആയതുകൊണ്ടല്ല, പ്രത്യുത; വിശ്വസ്തൻ ആയിരിക്കും എന്ന ഉറപ്പുള്ളതുകൊണ്ടുതന്നെ. എന്നാൽ പല സാഹചര്യങ്ങളുടെയും സമ്മർദം നിമിത്തം വിളിയെയും തെരഞ്ഞെടുപ്പിനെയും മറന്ന് മറ്റുപല ബിസിനസുകളിലേക്ക് വഴുതിപ്പോകുന്നത് ദൈവത്തോടുള്ള അവിശ്വസ്തതയാമെന്ന് മറക്കരുത്. കർത്താവിന്റെ വേലക്കാർ കർത്താവിനെ പ്രസാദിപ്പിക്കുന്നു എന്നതിൽ കവിഞ്ഞ് മുഖ്യമായ മറ്റൊന്നും വേണ്ട. ഇന്ന് സുവിശേഷവേല വെറും 'ആദായ സൂത്രമായി', വയറിന്റെ ശുശ്രൂഷയായി മാറിയിരിക്കുന്നു. അന്നംതേടിയുള്ള പരക്കംപാച്ചിലിൽ ചെന്നെത്തുന്നത് പലതരം ബിസിനസുകളിലേക്കാണ്. അതിന് ഏതറ്റംവരെ പോകാനും മടിയില്ലാത്ത ശുശ്രൂഷകന്മാർ ഉണ്ടെന്നത് ഖേദകരം തന്നെ. ഇവരെയും നാം വിളിക്കുന്നത് 'ശുശ്രൂഷകന്മാർ' എന്നാണ്. ദൈവത്തിനു കൊള്ളാവുന്ന വേലക്കാരാകുന്നതിനു പകരം, 'ആകാത്ത വേലക്കാരന്റെ' ദൗത്യം നന്നായി ചെയ്യാൻ ഇവർ ബദ്ധപ്പെടുന്നു. മനുഷ്യന്റെ പ്രീതിക്കാണ് ഇവിടെ സ്ഥാനം. എന്നാലല്ലേ വലിയ 'പരിക്കുകൾ' കൂടാതെ പ്രാദേശിക സഭകളിൽ 'കൂടുതൽ കാലം' ഇരിക്കാൻ കഴിയൂ.

ശുശ്രൂഷകന്മാരുടെ ഒരു പ്രതിനിധി എന്ന നിലയിൽ അടുത്തയിടെ ഞാൻ മനസ്സിലാക്കിയ ചില വസ്തുതകൾ കുറിക്കട്ടെ. ശുശ്രൂഷകർ സന്തോഷത്തോടെ ശുശ്രൂഷിക്കണമെന്നാണ് കർത്താവ് ആഗ്രഹിക്കുന്നത്. അതിന് പ്രാദേശിക സഭയുടെ പിന്തുണ കൂടിയേ തീരൂ. പോരാ, സഭാനേതൃത്വത്തിന്റെ പ്രോത്സാഹനം അവർ പ്രതീക്ഷിക്കുന്നുമുണ്ട്. പൊതുവേദികളിൽ അവരെ അഭിനന്ദിച്ചില്ലെങ്കിലും അപമാനിക്കരുത്. ശുശ്രൂഷകന്മാരെക്കുറിച്ച് വേദിമറന്ന് എന്തും വിളിച്ചുപറയരുത്. എന്തെങ്കിലും പൊതുവായി പറയണമെങ്കിൽ ശുശ്രൂഷക മീറ്റിംഗുകളിൽ വച്ച് ആകാമല്ലോ. വ്യക്തിപരമായി ബോധിപ്പിക്കേണ്ട കാര്യമാണെങ്കിൽ വ്യക്തിപരമായി തന്നെ പറയണം. അല്ലാതെ പൊതുവേദികൾ അതിനായി ദുരുപയോഗം ചെയ്യുകയോ മാധ്യമങ്ങളെയോ സോഷ്യൽ നെറ്റ് വർക്ക് മീഡിയയെ കൂട്ടുപിടിക്കുകയോ അരുത്. പറയുവാനുള്ളത് നേർക്കുനേർ പറയണം. പരാതികൾ, പരിഭവങ്ങൾ നേരിട്ട് മനസ്സിലാക്കണം. അല്ലാതെ കാടടച്ചു വെടിവയ്ക്കരുത്. ആരെങ്കിലും എന്തെങ്കിലും പറഞ്ഞു എന്ന കാരണത്താൽ ശുശ്രൂഷകന്മാർക്ക് നേരെ കൈപൊക്കരുത്. അവരും മനുഷ്യരാണെന്ന് ഓർക്കണം. നിങ്ങൾ മേലധികാരിയായതുകൊണ്ടു മാത്രമാണ് നിങ്ങളെ ബഹുമാനിക്കുന്നത് അല്ലാതെ പ്രതികരണശേഷി ഇല്ലാഞ്ഞിട്ടല്ല. നേതൃത്വം നൽകുന്നവർ ഭരിക്കുന്നവരല്ല നയിക്കുന്നവരായിരിക്കണമെന്നാണ് ഏവരും ആഗ്രഹിക്കുന്നത്.

ഇന്നത്തെ ശുശ്രൂഷകരിൽ നല്ലൊരു ശതമാനം വിവിധ രോഗങ്ങൾക്ക് അടിമകളായിട്ടുള്ളത് (ഒരു പരിധിവരെ) നേതൃത്വത്തിൽ നിന്നോ വിശ്വാസികളിൽ നിന്നോ ഉണ്ടായിട്ടുള്ള മാനസിക വ്യഥകൾ നിമിത്തമാണ്. എല്ലാ രോഗങ്ങളും

**മാനസിക സമ്മർദത്തിന് അടിമകളായി ഞരങ്ങിക്കൊണ്ട് ശുശ്രൂഷചെയ്യുന്ന ധാരാളംപേരുണ്ട്. അവർ വേദനിക്കുന്നത് എന്തുകൊണ്ടാണെന്നുപോലും മനസ്സിലാക്കാതെ 'എരിതീയിൽ എണ്ണയൊഴിക്കുന്ന' നേതൃത്വത്തിന്റെ ഹീനമായ പല പ്രസ്താവനകളും പ്രവർത്തികളും അവസാനിപ്പിച്ചേ മതിയാകൂ.**

രോഗങ്ങളല്ല, ഓരോന്നിനും അതതിന്റെ കാരണങ്ങളുണ്ട്. രോഗം അറിയാതെ ചികിത്സിച്ചാൽ രോഗി മരിച്ചുപോകുമെന്ന് മറക്കേണ്ട.

ശുശ്രൂഷകന്മാർക്കുമേൽ അനാവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത് അവരെ നന്നാക്കുവാനോ അതോ ഇല്ലാതാക്കുവാനോ? ചില നേതൃത്വങ്ങളുടെ സ്വഭാവം കണ്ടാൽ ശുശ്രൂഷകൻ ഇല്ലാതായാലും വേണ്ടില്ല 'കറവയുള്ള പശുക്കൾ' മതി എന്നാണ്. ശുശ്രൂഷകന്മാർ കർത്താവിന്റെ സേവകരാണ്. സ്വന്തനാടിനെയും വീടിനെയും ബന്ധുമിത്രാദികളെയും ഒക്കെ വിട്ടിട്ട് അന്യനാട്ടിൽ പാർക്കുമ്പോൾ അവരെ മാനസികമായി വേദനിപ്പിക്കുന്ന ഒരു വാക്കുപോലും ആരുടെയും ഭാഗത്തുനിന്ന് ഉണ്ടാകരുത്. അവർ ആഗ്രഹിക്കുന്നത് സഹവിശ്വാസികളുടെ ആശ്വാസമാണ്; നേതൃത്വത്തിന്റെ പ്രോത്സാഹനമാണ്. അപൂർവം ചിലർ കുറ്റാരോപിതരാകുന്നു എന്ന കാരണത്താൽ എല്ലാവരും അങ്ങനെയാണെന്ന് വാദിക്കുന്നതിൽ അർത്ഥമില്ല. ശുശ്രൂഷയ്ക്ക് ആക്ഷേപം വരാതെ നോക്കേണ്ടത് ഓരോ ശുശ്രൂഷകന്മാരുടെയും കടമയാണ്. അതിനെ തിരുത്താൻ ആരെങ്കിലും ശ്രമിച്ചാൽ അവർക്കെതിരെ തിരിയുന്നത് ഭൂഷണമല്ല. തെറ്റിനെ അംഗീകരിക്കുകയും ക്രമീകരണങ്ങൾ വരുത്തുകയും വേണം. സ്വന്ത കുടുംബത്തെ നന്നായി ഭരിക്കാൻ അറിയാത്ത ഇടയന്മാർ സഭയെ ഭരിക്കുന്നത് എങ്ങനെ? (1 തിമൊ.3:5) എന്ന് പൗലൊസും ചോദിക്കുന്നു. പല ശുശ്രൂഷകരും വേദിയിൽ വിശുദ്ധരാണെങ്കിലും കുടുംബത്തിൽ കലഹപ്രിയരാണ്. ഈ ആത്മാവ് ഏതാണെന്ന് തിരിച്ചറിയണം.

മാനസിക സമ്മർദത്തിന് അടിമകളായി ഞരങ്ങിക്കൊണ്ട് ശുശ്രൂഷ ചെയ്യുന്ന ധാരാളംപേരുണ്ട്. അവർ വേദനിക്കുന്നത് എന്തുകൊണ്ടാണെന്നുപോലും മനസ്സിലാക്കാതെ 'എരിതീയിൽ എണ്ണയൊഴിക്കുന്ന' നേതൃത്വത്തിന്റെ ഹീനമായ പല പ്രസ്താവനകളും പ്രവർത്തികളും അവസാനിപ്പിച്ചേ മതിയാകൂ. നീണ്ട വർഷങ്ങൾ കർത്താവിനെ സേവിച്ചിട്ട് അരമുറുക്കിയുടുത്ത്, പട്ടിണികിടന്ന്, പ്രായാധിക്യത്തിൽ എത്തുമ്പോൾ അവരെ തള്ളിക്കളയുന്ന പ്രവണത അശാസ്യകരമല്ല. അവരുടെ ക്ഷേമത്തിനുവേണ്ടിയുള്ള പാക്കേജുകൾ ആവിഷ്കരിച്ച് സമയബന്ധിതമായി നടപ്പാക്കണം. ശുശ്രൂഷകന്മാർ മരിച്ച കുടുംബത്തിലെ വിധവമാരെ മറക്കരുത്. ഒരു സാധാരണ സഭയിൽ ശുശ്രൂഷ ചെയ്യുന്ന കർത്തൃവേലക്കാർ ജീവിതകാലം മുഴുവൻ അധ്വാനിച്ചിട്ടും സ്വന്തമായി ഒരു വീട് സ്വപ്നം മാത്രമാണെങ്കിൽ അവരെ കണ്ടെത്തണം. പ്രസ്ഥാനത്തിന് ഇവർക്കുവേണ്ടി എന്താണ് ചെയ്യുവാൻ കഴിയുന്നത്. കിട്ടുന്ന സമ്പാദ്യമെല്ലാം മക്കളെ പഠിപ്പിച്ചും കെട്ടിച്ചയച്ചും കർത്തൃനാമത്തിനുവേണ്ടി ചെലവഴിച്ചും ഒടുവിൽ കാര്യശേഷി നഷ്ടപ്പെടുമ്പോൾ പുല്ലുപോലെ വലിച്ചെറിയുന്നത് മനുഷ്യത്വരഹിതമാണ്. നേതൃത്വത്തിന്റെ അനാസ്ഥമൂലം ഇങ്ങനെയൊന്നും സംഭവിക്കരുത്.

ശുശ്രൂഷകന്മാരെ കൊല്ലാതെ കൊല്ലുന്ന പ്രവണത നേതൃത്വങ്ങൾക്ക് പലപ്പോഴും ഹരമാണ്. അതിനു വേദി ഇന്നതെന്നു വിഷയമല്ല. പല സംഭവങ്ങളും നേരിട്ടറിയാം. എങ്കിലും എല്ലാം പുറത്തുപറയാൻ പറ്റില്ലല്ലോ. മാനസിക സമ്മർദം കൂടിയിട്ട് നാളെ ഇവർക്കൊരു അത്യാഹിതം സംഭവിച്ചാൽ ആര് ഉത്തരവാദിയാകും? നേതൃത്വം കൈകഴുകും. അവരുടെ ഭാഗം ന്യായീകരിച്ച് ഇതൊന്നും തങ്ങളെ ബാധിക്കുന്ന കാര്യമല്ല എന്ന് പറഞ്ഞെന്നും വരാം. ഏതായാലും ഇന്നത്തെ ശുശ്രൂഷകന്മാരിൽ ഭൂരിഭാഗവും സന്തോഷത്തോടെയാണ് വേലചെയ്യുന്നതെന്ന് പറയാൻ തരമില്ല. കർത്താവ് വിളിച്ചതാകകൊണ്ട് കർത്താവിനെ മാത്രം നോക്കി ജീവിക്കുന്നു അത്രമാത്രം. ഇത്തരത്തിൽ സംഭവങ്ങൾ നടക്കുമ്പോൾ പിശാച് ചിലരെ മുതലെടുത്ത് വല്ല കടുംകൈ ചെയ്യാൻ പ്രേരിപ്പിക്കാതിരുന്നാൽ നന്ന്. ആർക്ക് എപ്പോൾ എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് പ്രവചിക്കാനാവില്ലല്ലോ.